പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1936 | 4.10.2011 ൽ മറുപടിയ്ക്ക് |

## ഐ.റ്റി. വികസനത്തിനായി തൊഴിൽ നിയമം പരിഷ്കരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ; ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി ; ശ്രീ. പി.സി. വിഷ്ണുനാഥ് ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) സംസ്ഥാനത്തെ ഐ.റ്റി. വികസനത്തിനായി തൊഴിൽ വകുപ്പുമായി കൂടിയാലോചിച്ച് തൊഴിൽ നിയമം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) സംസ്ഥാനത്തെ ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിന് തൊഴിൽ വകുപ്പിന് ഉദ്ദേശമുണ്ട്. ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികളുടെ ആവശ്യങ്ങൾക്ക് ഉതകുന്ന തരത്തിൽ തൊഴിൽ നിയമങ്ങൾ ലഘൂകരിക്കുന്നതാണെന്ന് കരട് ഐ.ടി. നയത്തിലും വ്യക്തമാക്കുന്നുണ്ട്. |
| ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | ബി) സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ സ്ഥാപനങ്ങൾ, കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നവയാണ്. ടി മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി, കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം പോലെ കേരള ഇൻഫർമേഷൻ ടെക്നോളജി എംപ്ലോയീസ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ് ആന്റ് വെൽഫെയർ) ബിൽ 2009 എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) ഐ.റ്റി. മേഖല 24 മണിക്കൂറും പ്രവർത്തിപ്പിക്കുവാനുതകുന്ന പരിഷ്കാരങ്ങൾക്ക് നടപടി എടുക്കുമോ ? | സി) ഐ.ടി. മേഖലയിലെ സ്ഥാപനങ്ങളെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലെ വകുപ്പ് 6, 9, 10, 11, 20 എന്നിവയിൽ നിന്നും ചില നിബന്ധനകളോടെ ഒഴിവാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഐ.ടി. മേഖലയിലെ സ്ഥാപനങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കാവുന്നതാണ്. IT/ITeS കമ്പനികൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിന് പൊതുവായ അനുവാദം നൽകുന്നതാണെന്ന് കരട് ഐ.ടി. നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ